SBS

# Media Release

5 October 2021




## എസ് ബി എസ് റേഡിയോ - ഭാഷാ സേവനങ്ങൾ നവീകരിക്കുന്നതിനായി പൊതുജനാഭിപ്രായം തേടുന്നു

സമകാലിക ഓസ്ട്രേലിയയുടെ ആവശ്യങ്ങൾ പ്രതിഫലിപ്പിക്കുക എന്ന എസ് ബി എസിന്റെ പ്രതിബദ്ധതയുടെ ഭാഗമായി, എസ് ബി എസ് റേഡിയോ വഴി നൽകുന്ന ഭാഷാ സേവനങ്ങൾ പുനരവലോകനം ചെയ്യുന്നതിനുള്ള നടപടികൾ തുടങ്ങി. ഭാഷാ സേവനങ്ങൾ പുനപരിശോധിക്കുന്നതിനുള്ള കരട് മാനദണ്ഡങ്ങളിൽ ഇന്നു മുതൽ പൊതുജനങ്ങളുടെ അഭിപ്രായം സ്വീകരിക്കുകയാണ്.

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ഓസ്ട്രേലിയൻ ബഹുസ്വരസമൂഹത്തെ എസ് ബി എസ് റേഡിയോയിൽ പ്രതിഫലിപ്പിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി, അഞ്ചു വർഷത്തിലൊരിക്കൽ ഈ അവലോകനം നടത്താറുണ്ട്. ദേശീയ സെൻസസിനോട് അനുബന്ധിച്ചാണ് ഇത് നടപ്പിലാക്കുന്നത്. 2021ലെ സെൻസസ് വിവരങ്ങളും ഈ മാനദണ്ഡങ്ങളും അടിസ്ഥാനമാക്കിയാകും അടുത്ത അഞ്ചു വർഷത്തേക്ക് ഏതെല്ലാം ഭാഷകളിൽ എസ് ബി എസ് സേവനം വേണമെന്നും, അത് ഏതെല്ലാം രീതികളിൽ സമൂഹത്തിലേക്ക് എത്തിക്കണമെന്നും തീരുമാനിക്കുക.

റേഡിയോ, എസ് ബി എസ് ഓൺ ഡിമാന്റ്, പോഡ്കാസ്റ്റിംഗ്, മറ്റു ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ എന്നിവ ഉൾപ്പെടെയുള്ള ഭാഷാ സേവനങ്ങളാകും ഈ അവലോകനത്തിൽ ഉൾപ്പെടുന്നത്.

ഇന്നു മുതൽ, 2021 നവംബർ 12 വരെയുള്ള ആറാഴ്ചകളിലാണ് പൊതുജനങ്ങൾക്ക് അഭിപ്രായങ്ങൾ അറിയിക്കാവുന്നത്. എസ് ബി എസ് പരിപാടികളുടെ ഭാവി എങ്ങനെയാകണം എന്നു തീരുമാനിക്കുന്നതിൽ പൊതുജനങ്ങൾക്ക് നിർണ്ണായക പങ്കുവഹിക്കാവുന്ന സുപ്രധാന നടപടിക്രമമാണ് ഇത്. നിങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ചാകും ഭാഷാ സേവന അവലോകനത്തിന്റെ അന്തിമ മാനദണ്ഡങ്ങൾ രൂപപ്പെടുത്തുക.

വിവിധ മാധ്യമങ്ങൾ വഴി നൽകുന്ന ബഹുഭാഷാ സേവനങ്ങളിലൂടെ, ഓസ്ട്രേലിയൻ ബഹുസ്വര സമൂഹത്തിലേക്ക് എത്തിച്ചേരാനും ഒപ്പം ചേർന്നുനിൽക്കാനും കഴിയുന്നു എന്ന സവിശേഷതയാണ് എസ് ബി എസിനുള്ളതെന്ന്, എസ് ബി എസ് ഓഡിയോ ആന്റ് ലാംഗ്വേജ് കണ്ടന്റ് ഡയറക്ടർ ഡേവിഡ് ഹുവ ചൂണ്ടിക്കാട്ടി.

“45 വർഷത്തിലേറെയായി വിവിധ സമൂഹങ്ങൾക്ക് നൽകി വരുന്ന നൂതനവും അർത്ഥവത്തായതുമായ സേവനങ്ങൾ, ഇന്ന് റേഡിയോ, ഓൺലൈൻ, പോഡ്കാസ്റ്റുകൾ, ആപ്പുകൾ എന്നിവയിലൂടെ 60-ലധികം ഭാഷകളിൽ തുടരുകയാണ്. എസ് ബി എസ് 50 ആം വർഷത്തിലേക്കു നീങ്ങുമ്പോഴുള്ള പ്രവർത്തനം നിർണ്ണയിക്കാൻ ഈ അവലോകനം സഹായിക്കും” - അദ്ദേഹം പറഞ്ഞു.

കൊവിഡ് മഹാമാരിയുടെ സമയത്ത് പുതിയ വിവരങ്ങളും ആരോഗ്യ നിർദ്ദേശങ്ങളും ഒരോ സമൂഹങ്ങളിലേക്കും അവരവരുടെ ഭാഷയിൽ എത്തിച്ചത് എസ് ബി എസിന്റെ ബഹുഷാഭാഷാ സേവനങ്ങൾ എത്രത്തോളം നിർണ്ണായകമാണ് എന്നതിന്റെ തെളിവായിരുന്നു. ഇന്നത്തെ ഓസ്ട്രേലിയയിലെ വിവിധ സമൂഹങ്ങളുടെ ആവശ്യങ്ങൾ പ്രതിഫലിപ്പിക്കുന്നത് എസ് ബി എസ് തുടരുമെന്ന് ഉറപ്പുവരുത്തുന്നതിനുള്ള അവസരമാണ് ഭാഷാ സേവന അവലോകനമെന്നും ഡേവിഡ് ഹുവ വ്യക്തമാക്കി.

"സാംസ്കാരികമായും ഭാഷാപരമായും വൈവിധ്യമാർന്ന പശ്ചാത്തലങ്ങളുള്ള വലിയ സമൂഹങ്ങൾക്ക് മികച്ച സേവനങ്ങൾ നൽകാനും, സമൂഹത്തിൽ വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾ നിറവേറ്റാനും ഭാഷാ സേവനങ്ങൾ പതിവായി പരിഷ്കരിക്കുന്നത് എസ്.ബി.എസിനെ പ്രാപ്തമാക്കുന്നുണ്ട്." - ഡേവിഡ് ഹുവ ചൂണ്ടിക്കാട്ടി.

ഈ അവലോകന പ്രക്രിയയിൽ ശ്രോതാക്കളുടെ ശബ്ദം കേൾക്കുന്നു എന്നുറപ്പുവരുത്തേണ്ടത് അനിവാര്യമാണ്. അതുകൊണ്ടു തന്നെ, നിർദ്ദേശങ്ങൾ പങ്കുവയ്ക്കാൻ ഓസ്ട്രേലിയയിലുടനീളമുള്ള ജനസമൂഹങ്ങൾ മുന്നോട്ട് വരണമെന്നും ഡേവിഡ് ഹുവ അഭ്യർത്ഥിച്ചു.

അന്തിമ മാനദണ്ഡങ്ങൾ 2022 മേയ് മാസത്തോടെ രൂപീകരിക്കും. ഈ പുനരവലോകനത്തിന്റെ അടിസ്ഥാനത്തിലുള്ള എസ്.ബി.എസ് ഭാഷാ സേവനങ്ങൾ 2022 ൽ തന്നെ നടപ്പാക്കുകയും ചെയ്യും.

കരട് മാനദണ്ഡങ്ങളിൽ മേലുള്ള നിങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഒക്ടോബർ 5 മുതൽ നവംബർ 12 വരെ സമർപ്പിക്കാം. കരട് മാനദണ്ഡങ്ങൾ അറിയാനും, അഭിപ്രായങ്ങൾ സമർപ്പിക്കുവാനും sbs.com.au/consultation എന്ന പേജ് സന്ദർശിക്കുക.

For further information and interview requests please contact:

Kate Warnock | kate.warnock@sbs.com.au | 0419 316 135